**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 471** **09-08-2023 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ കിഫ്‌ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മുദിയം പാലം നിർമ്മാണം, കടക്കാട്ട് പാറ ആല്ലുംകടവ് ആർ.സി.ബി. നിർമ്മാണം എന്നിവയുടെ അംഗീകാരം നൽകുന്നത് സംബന്ധിച്ച ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) | **മുദിയം പാലം:** മലപ്പുറം ജില്ലയിലെ നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അവസാന റീച്ചായ അരിയല്ലൂർ മുതൽ കടലുണ്ടി വരെയുള്ള ഭാഗത്തിൽ വരുന്ന വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലത്തിന്റെ പുതുക്കിയ ഡിസൈൻ പ്രകാരം തയ്യാറാക്കിയ DPR നിർവ്വഹണ ഏജൻസിയായ KRFB 15/02/2023-ന് കിഫ്‌ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. ആയത് അവലോകനം നടത്തി വിശദമായ അവലോകന റിപ്പോർട്ട് കിഫ്‌ബി തയ്യാറാക്കിയിട്ടുള്ളതാണ്. അവലോകന റിപ്പോർട്ട് കിഫ്‌ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്‌ബി സ്വീകരിക്കുന്നതാണ്. ധനാനുമതി ലഭിച്ചയുടൻ സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്.<br><br>**കടക്കാട്ടുപാറ ആല്ലുംകടവ് ആർ.സി.ബി:**<br><br>ബജറ്റ് പ്രസംഗം അനുസരിച്ച് ആർ.സി.ബി പ്രോജക്റ്റുകൾക്കായി നിശ്ചയിച്ചിട്ടുള്ളത് ആകെ 600 കോടി രൂപയാണ്. നിലവിൽ 565 കോടി രൂപയുടെ പദ്ധതികൾ കിഫ്‌ബി അംഗീകരിച്ചിട്ടുണ്ട് കൂടാതെ നിരവധി ആർ.സി.ബി പദ്ധതികൾ കിഫ്‌ബിയുടെ അംഗീകാരത്തിനായി പദ്ധതി നിർവഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി നൽകാനുണ്ട്. അതിനാൽ പ്രഖ്യാപിച്ചിട്ടുള്ള ആർ.സി.ബി പദ്ധതികളിൽ ശേഷിക്കുന്നവയ്ക്ക് ഭരണവകുപ്പുമായി ആലോചിച്ച് മുൻഗണനാ ക്രമം നിശ്ചയിച്ചു നൽകണമെന്ന് കെ.ഐ.ഐ.ഡി.സിയോട് അറിയിച്ചിട്ടുള്ളതാണ്. മാത്രമല്ല കടക്കാട്ടുപാറ ആല്ലുംകടവ് ആർ.സി.ബിയ്ക്ക് ഇതുവരെ ഭരണാനുമതി |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി കിഫ്ബി മുഖേന പരിഗണിക്കാനാകാത്ത സാഹചര്യമാണുള്ളത്. |
| (ബി) | മുദിയം പാലം നിർമ്മാണവുമായി ബന്ധപെട്ട് തൃപ്തികരമായ ഡി.പി.ആർ. ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പാലം നിർമ്മാണത്തിന് അനുമതി നൽകുന്നതിന് ഇനി ആവശ്യമായ നടപടിക്രമങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | **<u>മുദിയം പാലം:</u>** മലപ്പുറം ജില്ലയിലെ നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അവസാന റീച്ചായ അരിയല്ലൂർ മുതൽ കടലുണ്ടി വരെയുള്ള ഭാഗത്തിൽ വരുന്ന വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലത്തിന്റെ പുതുക്കിയ ഡിസൈൻ പ്രകാരം തയ്യാറാക്കിയ DPR നിർവ്വഹണ ഏജൻസിയായ KRFB 15/02/2023-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. ആയത് അവലോകനം നടത്തി വിശദമായ അവലോകന റിപ്പോർട്ട് കിഫ്ബി തയ്യാറാക്കിയിട്ടുള്ളതാണ്. അവലോകന റിപ്പോർട്ട് കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ധനാനുമതി ലഭിച്ചയുടൻ സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്.<br><br>**<u>കടക്കാട്ടുപാറ ആലുംകടവ് ആർ.സി.ബി:</u>**<br><br>ബജറ്റ് പ്രസംഗം അനുസരിച്ച് ആർ.സി.ബി പ്രോജക്റ്റുകൾക്കായി നിശ്ചയിച്ചിട്ടുള്ളത് ആകെ 600 കോടി രൂപയാണ്. നിലവിൽ 565 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി അംഗീകരിച്ചിട്ടുണ്ട് കൂടാതെ നിരവധി ആർ.സി.ബി പദ്ധതികൾ കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതി നിർവഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി നൽകാനുണ്ട്. അതിനാൽ പ്രഖ്യാപിച്ചിട്ടുള്ള ആർ.സി.ബി പദ്ധതികളിൽ ശേഷിക്കുന്നവയ്ക്ക് ഭരണവകുപ്പുമായി ആലോചിച്ച് മുൻഗണനാ ക്രമം നിശ്ചയിച്ച് നൽകണമെന്ന് കെ.ഐ.ഐ.ഡി.സിയോട് അറിയിച്ചിട്ടുള്ളതാണ്. മാത്രമല്ല കടക്കാട്ടുപാറ ആലുംകടവ് ആർ.സി.ബിയ്ക്ക് ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി കിഫ്ബി മുഖേന പരിഗണിക്കാനാകാത്ത സാഹചര്യമാണുള്ളത്. |
| (സി) | 27.09.2017-ലെ ജലസേചന വകുപ്പ് (എം.ഐ) യുടെ 793/2017 നം. ഉത്തരവ് പ്രകാരം ഇരുമ്പോത്തിങ്ങൾ കടവ് റെഗുലേറ്റർ കിഫ്ബി മുഖേന നിർമ്മിക്കുന്നതിന് ലഭിച്ച 36 കോടി രൂപയുടെ ഭരണാനുമതിയുടെ കാലാവധി എത്ര വർഷത്തേക്കാണെന്ന് വ്യക്തമാക്കാമോ; | (സി) | ധന (ഐ&പി.ഡബ്ല്യൂ-ബി) വകുപ്പിന്റെ 07.03.2022 ലെ സ.ഉ.(അ)നം.26/2022/ധന ഉത്തരവ് പ്രകാരം സിവിൽ വർക്കുകളുമായി ബന്ധപ്പെട്ട ഭരണാനുമതികൾക്ക് ആ ഉത്തരവ് പുറപ്പെടുവിച്ചതുമുതൽ 3 വർഷമാണ് കാലവധിയുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സാങ്കേതിക നടപടിക്രമങ്ങൾ എല്ലാം പൂർത്തിയായ കടക്കാട്ട് പാറ ആലുംകടവ് ആർ.സി.ബി. നിർമ്മാണത്തിന് അനുവദിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | 24.02.2018 ലെ സ.ഉ.(കൈ)നം.69/2018/ധന കിഫ്ബി മാനദണ്ഡമനുസരിച്ചു, ബഡ്ജറ്റിൽ പ്രഖ്യാപിച്ചതോ മന്ത്രിസഭാ അംഗീകാരം നേടിയതോ ആയ പദ്ധതികളാണ് കിഫ്ബിയുടെ സാമ്പത്തിക സഹായത്തിനായി പരിഗണിക്കുന്നത്. ഇതര പദ്ധതികളോ, നടപ്പിലാക്കുവാൻ പ്രായോഗിക തടസ്സങ്ങളുള്ള കിഫ്ബി പദ്ധതികൾക്കോ പകരമായി മറ്റൊരു പദ്ധതി പരിഗണിക്കുവാൻ 24.02.2018 ലെ കിഫ്ബി മാനദണ്ഡപ്രകാരം സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ